പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1597 | 14.06.2013 ൽ മറുപടിയ്ക്ക് |

നിർഭയ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>" എം. പി. വിൻസെന്റ്<br>" അൻവർ സാദത്ത്<br>" ഡൊമിനിക് പ്രസന്റേഷൻ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| (എ) നിർഭയ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുക എന്നതാണ് നിർഭയ പദ്ധതി നടത്തിപ്പ് കൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനായി നാല് മേഖലകളിൽ ഇടപെടലുകൾ നടത്തുവാൻ പദ്ധതി ലക്ഷ്യമിടുന്നു.<br>(1) പ്രതിരോധം<br>(2) സംരക്ഷണം<br>(3) നിയമനടത്തിപ്പ്<br>(4) പുനരധിവാസവും പുനരേകീകരണവും |
| (ബി)ഏതെല്ലാം വകുപ്പിന്റെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്; | (ബി) സാമൂഹ്യനീതി വകുപ്പ്, ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്,തദ്ദേശ സ്വയംഭരണ വകുപ്പ് (കുടുംബശ്രീ), പട്ടികജാതി പട്ടിക വർഗ്ഗ വകുപ്പ്, ആഭ്യന്തര വകുപ്പ്, നിയമ വകുപ്പ് എന്നീ വകുപ്പുകളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |

| | |
|---|---|
| (സി)നിരാലംബരായ പെൺകുട്ടികളെ പുനരധിവസിപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; | (സി) എല്ലാ ജില്ലകളിലും ഷെൽറ്റർ ഹോം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ പ്രാരംഭ ഘട്ടമെന്ന നിലയിൽ സാമൂഹ്യ നീതി വകുപ്പിന്റെ പൂജപ്പുര സാമൂഹ്യ നീതി സ്ഥാപന സമുച്ചയത്തിൽ ഒരു നിർഭയ ഷെൽറ്റർ ഹോം ആരംഭിച്ചിട്ടുണ്ട്. |
| (ഡി) പദ്ധതി നടപ്പാക്കുന്നതിന് ഏതെല്ലാം തരത്തിലുള്ള കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ? | (ഡി) പദ്ധതി നടപ്പാക്കുന്നതിന് താഴെപ്പറയുന്ന കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.<br>(1) സംസ്ഥാനതല ഏകോപന സമിതി<br>(2) എക്സിക്യൂട്ടീവ് കമ്മിറ്റി<br>(3) ജില്ലാ നിർഭയ കമ്മിറ്റി<br>(4) ഗ്രാമീണ/നഗരതല ജാഗ്രതാ സമിതി<br>വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

വിശദാംശങ്ങൾ

(1) സംസ്ഥാനതല ഏകോപന സമിതി : ജില്ലാ നിർഭയ സമിതികളുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും, പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് വകുപ്പുകൾ തമ്മിലും വ്യത്യസ്ത മേഖലകൾ തമ്മിലും ആവശ്യമായ ഏകോപനം കൈവരുത്തുന്നതിനുമായി. മുഖ്യമന്ത്രി ചെയർമാനും, താഴെപ്പറയുന്നവർ അംഗങ്ങളും ആയി ഒരു സംസ്ഥാനതല ഏകോപന സമിതി രൂപീകരിച്ചിട്ടുണ്ട്.

- പഞ്ചായത്ത്,സാമൂഹ്യനീതി വകുപ്പുമന്ത്രി - വൈസ് ചെയർമാൻ
- യുവജനകാര്യ വകുപ്പുമന്ത്രി - വൈസ് ചെയർപേഴ്സൺ
- സാമൂഹ്യനീതി വകുപ്പു സെക്രട്ടറി - കൺവീനർ

അംഗങ്ങൾ

- ചീഫ് സെക്രട്ടറി
- ആഭ്യന്തരവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
- പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
- ഡയറക്ടർ ജനറൽ ഓഫ് പോലീസ്
- ആരോഗ്യ,കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
- തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
- പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
- പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി
- നിയമവകുപ്പ് സെക്രട്ടറി
- 3 ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ (ജില്ലാതല നിർഭയാ കമ്മിറ്റി മേധാവികൾ)
- കേരള വനിതാ കമ്മീഷൻ അംഗം
- പൊതു വിദ്യാഭ്യാസ ഡയറക്ടർ
- കുടുംബശ്രീ എക്സ്ക്യൂട്ടീവ് ഡയറക്ടർ
- കേരളാസ്റ്റേറ്റ് എയ്ഡ്സ് കൺട്രോൾ സൊസൈറ്റി പ്രോജക്ട് കോഓഡിനേറ്റർ
- മെമ്പർ സെക്രട്ടറി , KELSA
- സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ
- കേരളാസ്റ്റേറ്റ് വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ
- പ്രോജക്ട് ഡയറക്ടർ , കേരള മഹിളാ സമഖ്യ സൊസൈറ്റി
- നിർഭയാ സ്റ്റേറ്റ് ലെവൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പ്രതിനിധി
- സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് സർക്കാരേതര സംഘടനകൾ/ സാമൂഹ്യ പ്രവർത്തകർ

(2) എക്സിക്യൂട്ടീവ് കമ്മിറ്റി : സാമൂഹ്യനീതി വകുപ്പ് മന്ത്രി അദ്ധ്യക്ഷനായി ഒരു എക്സിക്യൂട്ടീവ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മറ്റിയിൽ ഔദ്യോഗിക അംഗങ്ങളും, അനൗദ്യോഗിക അംഗങ്ങളും ഉണ്ടായിരിക്കും. ഈ കമ്മിറ്റിയുടെ പ്രഥമ ഉത്തരവാദിത്വം പഞ്ചായത്ത്, ജില്ലാതല നിർഭയകമ്മിറ്റികളുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുകയെന്നതാണ്.

- സാമൂഹ്യനീതിവകുപ്പ് മന്ത്രി - ചെയർമാൻ
- അഡീഷണൽ ചീഫ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
- തദ്ദേശ സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
- പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
- സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ
- ഡയറക്ടർ ഓഫ് പഞ്ചായത്ത്
- ഡയറക്ടർ ഓഫ് പബ്ലിക്ക് ഇൻസ്ട്രക്ഷൻ
- ഡയറക്ടർ, ഹയർ സെക്കന്ററി എഡ്യൂക്കേഷൻ
- സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ
- ശ്രീമതി. സീമാ ഭാസ്ക്കർ, എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള മഹിളാ സമാഖ്യ സൊസൈറ്റി
- അഡ്വ. ജെ.സന്ധ്യ, ഹ്യൂമൻ റൈറ്റ്സ് ലോ നെറ്റ്വർക്ക്, തിരുവനന്തപുരം.
- ശ്രീമതി. എം.സുധ, സീനിയർ ടൗൺ പ്ലാനർ
- ശ്രീമതി. ലിഡജേക്കബ്, അഡ്വൈസർ, ജെന്റർ&ചൈൽഡ് പ്രൊട്ടക്ഷൻ
- എക്സിക്യൂട്ടീവ് വൈസ്ചെയർമാൻ, കുടുംബശ്രീ ജില്ലാ മിഷൻ.
- മെമ്പർ സെക്രട്ടറി, കേരള സ്റ്റേറ്റ് സോഷ്യൽ ജസ്റ്റിസ് ബോർഡ്.
- ശ്രീമതി. സാഹിറ തങ്ങൾ, Flat 1-2, ഹിൽ പാലസ് അപ്പാർട്ട്മെന്റ്, Opp. ബിഷപ്പ് ഹൗസ്, തിരുവാൺകുളം പി.ഒ, എറണാകുളം.
- ശ്രീമതി. അൽഫോൺസാ ജോൺ, Ex. MLA

(3) ജില്ലാ നിർഭയ കമ്മിറ്റി : നിർഭയ പോളിസിയുടെ ഇടപെടലുകൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാതലത്തിൽ ജില്ലാ നിർഭയ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി കുറഞ്ഞത് രണ്ടുമാസത്തിലൊരിക്കൽ കൂടുന്നതാണ്. പ്രസ്തുത കമ്മിറ്റിയിൽ താഴെപ്പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കും.

- ചെയർ പേഴ്സണ്‍, ഡിസ്ട്രിക്ക്ട് പ്ലാനിംഗ് കമ്മിറ്റി - ചെയർപേഴ്സണ്‍
- ജില്ലാ കളക്ടർ - വൈസ്ചെയർപേഴ്സണ്‍
- ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ - കൺവീനർ